**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4149** **18-07-2022 - ൽ മറുപടിയ്ക്ക്**

**നികുതി വെട്ടിപ്പ് തടയുന്നതിന് പ്രചാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതി വെട്ടിപ്പ് തടയുന്നതിന് പൊതുജനങ്ങൾക്കിടയിൽ പ്രചാരണം നടത്തുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | നികുതി വെട്ടിപ്പ് തടയുന്നതിനും, പൊതുജനങ്ങൾക്കിടയിൽ നികുതി അവബോധം സൃഷ്ടിക്കുന്നതിനുമായി നിരവധി പരസ്യ, ബോധവൽക്കരണ പരിപാടികൾ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. പത്ര, ശ്രവണ, ദൃശ്യ, സാമൂഹിക മാധ്യമങ്ങൾ വഴി ബില്ല് ചോദിച്ചു വാങ്ങേണ്ടതിന്റെയും, കൃത്യമായി നികുതി നൽകേണ്ടതിന്റെയും, പ്രാധാന്യം പൊതുജനങ്ങൾക്ക് ബോദ്ധ്യമാകുന്ന നിരവധി പരസ്യ പ്രചാരണ പരിപാടികൾ വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | സാധനങ്ങൾ വാങ്ങുമ്പോൾ നിർബന്ധമായും ബിൽ ചോദിച്ചു വാങ്ങുവാനും ഈടാക്കുന്ന നികുതി വിവരം ഉപഭോക്താക്കളെ അറിയിക്കുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സാധന സേവനങ്ങളുടെ ക്രയവിക്രയങ്ങൾക്ക് ബിൽ ചോദിച്ചു വാങ്ങാൻ പ്രേരിപ്പിക്കുന്ന പരസ്യങ്ങളും പ്രചാരണങ്ങളും വിവിധ മാധ്യമങ്ങൾ വഴി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് നിരന്തരം നൽകുന്നുണ്ട്. വ്യാപാരികൾ റിട്ടേൺ സമർപ്പിക്കുന്നതിലും, നികുതി അടക്കുന്നതിലും പുലർത്തുന്ന കൃത്യത കണക്കാക്കി തയ്യാറാക്കുന്ന വ്യാപാരികളുടെ റേറ്റിംഗ് സ്കോർ, വകുപ്പ് വെബ്സൈറ്റ് വഴി പൊതു ജനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. വ്യാപാരികൾ റിട്ടേണുകൾ സമയബന്ധിതമായി സമർപ്പിക്കുന്നോ എന്നതും, സമർപ്പിക്കുന്ന റിട്ടേണുകളിലെ കൃത്യതയും ടാക്സ് പേയർ കാർഡ് വഴി പൊതുജനങ്ങൾക്ക് അറിയാനാകും. ഓരോ മാസവും ലഭിച്ച നികുതി വിവരങ്ങൾ തൊട്ടടുത്ത മാസം വകുപ്പിന്റെ വെബ്സൈറ്റ് വഴി പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഉപഭോക്താക്കൾക്ക് വിവരങ്ങൾ വകുപ്പിന്റെ ഓദ്യോഗിക വെബ്സൈറ്റ് മുഖേന പരിശോധിക്കാവുന്നതാണ് |
| (സി) | നികുതി നൽകേണ്ടത് സംബന്ധിച്ചുള്ള അറിവുകൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുവാൻ വേണ്ട നടപടി വകുപ്പ് | (സി) | നിലവിൽ ഇത്തരത്തിലുള്ള പദ്ധതികൾ ഒന്നും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഇത്തരം പരിപാടികൾ |

| | | | |
|---|---|---|---|
| | മുൻകൈയ്യെടുത്ത് നടപ്പിലാക്കുമോ; എങ്കിൽ വിശദമാക്കാമോ? | | നടപ്പാക്കുന്നതിനെക്കുറിച്ച് ഭാവിയിൽ ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ